22409
9/12/19

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി -ഇടുക്കി ജില്ല- 21/06/2019-ന് ജുഡീഷ്യൽ കസ്റ്റഡിയിൽ ഇരിക്കവേ മരണമടഞ്ഞ രാജ് കുമാറിന്റെ മാതാവിന്റെ പേരിലുള്ള സ്ഥിരനിക്ഷേപ തുക പിൻവലിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ് -എ)വകുപ്പ്

സ.ഉ.(സാധാ) നം.3666/2019/റവ. തീയതി,തിരുവനന്തപുരം, 07/12/2019

---

പരാമർശം:- 1 സ.ഉ.(കൈ) നം.233/19/റവ തീയതി 23/07/2019

2 ഇടുക്കി ജില്ലാ കളക്ടറുടെ 15/10/2019-തീയതിയിലെ DCIDK/11931/18-E3 നമ്പർ കത്ത്

**ഉത്തരവ്**

ജുഡീഷ്യൽ കസ്റ്റഡിയിൽ ഇരിക്കവേ പീരുമേട് താലൂക്കാശുപത്രിയിൽ വച്ച് മരണമടഞ്ഞ വാഗമൺ സ്വദേശി രാജ് കുമാറിന്റെ കുടുംബത്തിന് ( 3 കുട്ടികൾ, മാതാവ്) ഒരാൾക്ക് 4 ലക്ഷം രൂപ വീതം ആകെ 16 ലക്ഷം രൂപ പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. ആയതിൽ പരേതന്റെ മാതാവായ ശ്രീമതി.കസ്തൂരിയുടെ പേരിൽ അനുവദിച്ച 4 ലക്ഷം രൂപ ദേശസാൽകൃത ബാങ്കിൽ സ്ഥിരനിക്ഷേപം നടത്തുന്നതിന് ഇടുക്കി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും അപ്രകാരം സ്ഥിരനിക്ഷേപം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ശ്രീമതി.കസ്തൂരിയുടെ ആരോഗ്യസ്ഥിതി മോശമാണെന്നും ജോലിക്കു പോകാൻ സാധ്യമല്ലാത്ത അവസ്ഥയിലാണെന്നും ഇക്കാരണത്താൽ കസ്തൂരിയുടെ പേരിലുള്ള സ്ഥിരനിക്ഷേപ തുകയായ 4 ലക്ഷം രൂപ കടബാദ്ധ്യതകൾ തീർക്കുന്നതിനും ആശുപത്രി ചെലവിലേക്കും വീടിന്റെ പണി പൂർത്തിയാക്കുന്നതിനുമായി പിൻവലിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് പരാമർശം (2) പ്രകാരം ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയും അപ്രകാരം സ്ഥിരനിക്ഷേപം പിൻവലിക്കുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.കസ്തൂരിയുടെ നിലവിലെ ജീവിത സാഹചര്യം കണക്കിലെടുത്ത് പരാമർശം(1) സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരനിക്ഷേപം നടത്തിയിട്ടുള്ള 4 ലക്ഷം രൂപ പിൻവലിച്ച് ശ്രീമതി.കസ്തൂരിയ്ക്ക് വിതരണം ചെയ്യുന്നതിനായി ഇടുക്കി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത.എല്
സ്പെഷ്യൽ സെക്രട്ടറി

ജില്ലാ കളക്ടർ, ഇടുക്കി

തഹസീൽദാർ, പീരുമേട്

ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

റവന്യൂവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്,

റവന്യൂ (ഡിആർഎഫ്-ബി/സി) വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by DEEPU S S
Date: 2019.12.07 13:56:23 IST
Reason: Approved
സെക്ഷൻ ഓഫീസർ